**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2113 — 07.03.2017 ൽ മറുപടിക്ക്

## വൈത്തിരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ മെറ്റേർണിറ്റി വാർഡ്

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വൈത്തിരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ മെറ്റേർണിറ്റി വാർഡ് മാസങ്ങളായി അടഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് അടിയന്തരമായി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | വൈത്തിരി താലൂക്ക് ആശുപത്രിയിൽ 3 ഗൈനക്കോളജിസ്റ്റിന്റെ തസ്തികയുള്ളതിൽ ഒരെണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. രണ്ട് ഗൈനക്കോളജിസ്റ്റുകൾ ഉള്ളതിൽ ഒരാൾ 19.03.2015 മുതൽ 29.11.2016 വരെ തിരുവനന്തപുരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിരിക്കുകയിരുന്നു. നിലവിൽ രണ്ടാമത്തെ ഡോക്ടർ തിരിച്ചെത്തിയതിനാൽ സ്ത്രീരോഗവിഭാഗം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഒറ്റ ഡോക്ടർ മാത്രം ആയതുകൊണ്ട് ഗർഭിണികളുടെ പരിശോധനകൾ നടത്തുന്നുണ്ടായിരുന്നെങ്കിലും പ്രസവം നടത്താൻ ബുദ്ധിമുട്ടായതിനാൽ രോഗികൾ കൽപ്പറ്റ ജനറൽ ആശുപത്രിയെ ആശ്രയിക്കുകയായിരുന്നു. |
| (സി) | സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രി, കൽപ്പറ്റ ജനറൽ ആശുപത്രി, സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി, വൈത്തിരി താലൂക്ക് ആശുപത്രി ഇവയെ കോംപ്രിഹെൻസീവ് ട്രൈബൽ ഹെൽത്ത് പ്ലാനിൽ ഉൾപ്പെടുത്തി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കൂടാതെ 13 ഡോക്ടർമാരുടെയും 38 മറ്റു |

| | | | |
|---|---|---|---|
| | | | ജീവനക്കാരുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പരിഗണിച്ചു വരുന്നു.<br><br>വൈത്തിരി താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ മാത്രമാണ് ഒഴിവ് നിലവിലുള്ളത്. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി നപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ഒഴിവ് നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ